**മധുരമായ കുട്ടികളെ- ബാബ തോണിക്കാരനായി നിങ്ങൾ സർവ്വരുടേയും തോണിയെ വിഷയ സാഗരത്തിൽ നിന്നും ക്ഷീരസാഗരത്തിലേക്ക് കൊണ്ടു പോകുന്നതിനായി വന്നിരിക്കുന്നു, ഇപ്പോൾ നിങ്ങൾക്ക് ഇക്കരെ നിന്നും അക്കരക്ക് പോകണം**

**ചോദ്യം:-** ഓരോരുത്തരുടെയും പാർട്ട് കണ്ടുകൊണ്ടും നിങ്ങൾ കുട്ടികൾക്ക് ആരേയും നിന്ദിക്കുവാൻ കഴിയില്ല - എന്തുകൊണ്ട്?
**ഉത്തരം:-** കാരണം നിങ്ങൾക്കറിയാം ഇത് അനാദിയും ഉണ്ടായതും-ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്, ഇതിൽ ഓരോരുത്തരും അവരവരുടെ ഭാഗം ചെയ്തുകൊണ്ടിരിക്കുകയാണ്. ആരുടെയും ദോഷമില്ല. ഈ ഭക്തിമാർഗ്ഗവും വീണ്ടും കടന്ന് പോകണം, ഇതിൽ അൽപ്പം പോലും മാറ്റം ഉണ്ടാകുക സാധ്യമല്ല.

**ചോദ്യം:-** മുഴുവൻ ചക്രത്തിന്റേയും ജ്ഞാനം ഏതു രണ്ടു വാക്കുകളിൽ അടങ്ങിയിട്ടുണ്ട്?
**ഉത്തരം:-** ഇന്ന്, ഇന്നലെ. ഇന്നലെ നമ്മൾ സത്യയുഗത്തിലായിരുന്നു. ഇന്ന് 84 ജന്മങ്ങളുടെ ചക്രം കറങ്ങി നരകത്തിൽ എത്തി, നാളെ വീണ്ടും സ്വർഗത്തിലേക്ക് പോകും.

**ഓം ശാന്തി**. ഇപ്പോൾ കുട്ടികൾ മുന്നിൽ ഇരിക്കുകയാണ്, അവരവരുടെ സെന്ററിലിരിക്കുമ്പോൾ നമ്മൾ വളരെ ഉയർന്ന ബാബയുടെ സന്മുഖത്താണെന്ന് മനസിലാക്കുന്നില്ല. ബാബ നമ്മുടെ ടീച്ചറുമാണ്, നമ്മുടെ തോണിയെ അക്കരെ എത്തിക്കുന്ന തോണിക്കാരനുമാണ്. ബാബയെ തന്നെയാണ് ഗുരു എന്നും പറയുന്നത്. ഇവിടെ നമ്മൾ ബാബയുടെ സന്മുഖത്താണിരിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഈ വിഷയ സാഗരത്തിൽ നിന്നും ബാബ നമ്മളെ ക്ഷീര സാഗരത്തിലേക്ക് കൊണ്ടു പോകുന്നു. അക്കരെയെത്തിക്കുന്ന ബാബ സന്മുഖത്തിരിക്കുന്നു, നിങ്ങളുടെ സന്മുഖത്തിരിക്കുന്നത് ആ ഒരു ശിവപിതാവിന്റെ ആത്മാവ് തന്നെയാണ്, ആ ആത്മാവിനെ തന്നെയാണ് സുപ്രീം എന്ന് പറയുന്നത് അഥവാ വളരെ ഉയർന്ന ഭഗവാൻ എന്ന് പറയുന്നത്. നമ്മൾ വളരെ ഉയർന്ന ഭഗവാനായ ശിവബാബയുടെ സന്മുഖത്തിരിക്കുകയാണെന്ന് ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം. ശിവബാബ ഇദ്ദേഹത്തിൽ ഇരിക്കുകയാണ്, നിങ്ങളെ അക്കരെ എത്തിക്കുന്നതും ബാബയാണ്. എങ്കിലും ബാബക്കും രഥം ആവശ്യമാണല്ലോ? ഇല്ലെങ്കിൽ എങ്ങനെ ശ്രീമതം നൽകും? ബാബ നമ്മുടെ അച്ഛനും ടീച്ചറും, അക്കരെ കടത്തുന്നവരുമാണെന്ന് നിങ്ങൾ കുട്ടികൾക്കിപ്പോൾ നിശ്ചയം വന്നു. നമ്മൾ ആത്മാക്കളിപ്പോൾ നമ്മുടെ വീട്ടിക്കേ്, ശാന്തിധാമത്തിലേക്ക് മടങ്ങുകയാണ്. ബാബ നമുക്ക് വഴി പറഞ്ഞു തരികയാണ്. അവിടെ സെന്ററിലിരിക്കുന്നതും ഇവിടെ സന്മുഖത്തിരിക്കുന്നതും തമ്മിൽ രാത്രിയുടേയും പകലിന്റേയും വ്യത്യാസമുണ്ട്. സെന്ററിൽ ഇരിക്കുമ്പോൾ നമ്മൾ സന്മുഖത്താണെന്ന് വിചാരിക്കാറില്ല. ഇവിടെ സന്മുഖത്താണെന്ന അനുഭവം ഉണ്ടാകുന്നു. നമ്മളിപ്പോൾ പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുകയാണ്. പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നവർക്കും സന്തോഷമുണ്ടാകും. പാവനമായി നമ്മൾ ഇപ്പോൾ വീട്ടിലേക്കു മടങ്ങുകയാണ്. നാടകത്തിലഭിനയിക്കുന്നവർ നാടകം തീരാറാകുമ്പോൾ ഇനി വീട്ടിലേക്കു പോകാൻ സമയമായി എന്നു മനസ്സിലാക്കുന്നതു പോലെ. ആത്മാക്കളായ നമ്മളെ കൊണ്ടു പോകാൻ ഇപ്പോൾ ബാബ വന്നിരിക്കുകയാണ്. എങ്ങനെ നിങ്ങൾക്ക് വീട്ടിലേക്കു പോകാൻ കഴിയുമെന്ന് ബാബ പറഞ്ഞു തരുന്നു, ബാബ അച്ഛനും തോണിയെ അക്കരെ എത്തിക്കുന്ന തോണിക്കാരനുമാണ്. ആളുകൾ പാടാറുണ്ട് പക്ഷേ തോണിക്കാരൻ എന്നാരെയാണ് പറയുന്നത് ഇതൊരും മനസ്സിലാക്കുന്നില്ല. തോണിക്കാരൻ ശരീരത്തെ കൊണ്ടു പോകുമോ ? നമ്മൾ ആത്മാക്കളെയാണ് അക്കരെ കൊണ്ടു പോകുന്നത് എന്ന് നിങ്ങൾ കുട്ടികൾക്കിപ്പോൾ അറിയാം. ആത്മാവിപ്പോൾ ഈ ശരീരത്തിനോടൊപ്പം വിഷയവൈതരണീ നദിയിൽ മുങ്ങി കിടക്കുകയാണ്. നമ്മൾ യഥാർത്ഥത്തിൽ ശാന്തിധാമ നിവാസികളായിരുന്നു. അക്കരെയെത്തിക്കുന്ന, വീട്ടിലെത്തിക്കുന്ന ബാബയെ നമുക്കിപ്പോൾ കിട്ടിയിരിക്കുകയാണ്. നിങ്ങളുടേതായിരുന്ന രാജധാനി പൂർണ്ണമായും മായാരാവണൻ തട്ടിയെടുത്തു. തീർച്ചയായും ആ രാജധാനി തിരിച്ചു പിടിക്കണം. പരിധിയില്ലാത്ത ബാബ പറയുന്നു - കുട്ടികളേ , തന്റെ വീടിനെ ഇപ്പോൾ ഓർമ്മിക്കൂ. വീട്ടിലേക്കു പോയി പിന്നീട് ക്ഷീരസാഗരത്തിലേക്കു വരണം. വിഷയസാഗരം ഇവിടെയാണ്, ക്ഷീരസാഗരം അവിടെയാണ്. മൂലവതനമാണ് ശാന്തിയുടെ സാഗരം. മൂന്ന് ധാമങ്ങളാണുള്ളത്. ഈ ലോകം ദുഃഖധാമമാണ്.

ബാബ മനസ്സിലാക്കിത്തരുന്നു - അതിമധുരമായ കുട്ടികളേ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ആരാണ് പറയുന്നത്? ആരിലൂടെയാണ് പറയുന്നത്? മുഴുവൻ ദിവസവും മധുര-മധുരമായ കുട്ടികളേ എന്ന് വിളിച്ചു കൊണ്ടിരിക്കുന്നു. ആത്മാവിപ്പോൾ പതിതമായതു കാരണം ലഭിക്കുന്ന ശരീരവും

പതിതമായിരിക്കും. നമ്മൾ നല്ല ശുദ്ധമായ, ഉറപ്പുള്ള സ്വർണ്ണത്തിന്റെ ആഭരണമായിരുന്നു. പിന്നീട് മായം ചേർന്നപ്പോൾ കലർപ്പുള്ളതായി എന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായി. ഇനിയെങ്ങനെ ഈ മായം കളയും, അതിനാണ് ഓർമ്മയുടെ യാത്രയാകുന്ന ചൂള. സ്വർണ്ണം അഗ്നിയിലിടുമ്പോൾ ഉറപ്പുള്ളതാകില്ലേ. ബാബ ആവർത്തിച്ചു മനസ്സിലാക്കി തരുന്നു, നിങ്ങൾക്ക് തന്നെ ഈ ജ്ഞാനം എല്ലാ കൽപ്പത്തിലും തന്നിട്ടുള്ളതാണ്. എന്റെ പാർട്ടാണിത്. വീണ്ടും 5000 വർഷങ്ങക്ക് ശേഷം വന്ന് പറയും– കുട്ടികളേ, പാവനമാകൂ. സത്യയുഗത്തിൽ നിങ്ങൾ ആത്മാക്കൾ പാവനമായിരുന്നു, ശാന്തീധാമത്തിലും പാവനാത്മാക്കളാണ് വസിക്കുന്നത്. ശാന്തീധാമമാണ് നമ്മുടെ വീട്. എത്ര മധുരമായ വീടാണത്. അങ്ങോട്ടു പോകുന്നതിന് വേണ്ടി മനുഷ്യർ എത്ര കഷ്ടപ്പെടുന്നു. ബാബ പറയുന്നു ഇപ്പോൾ എല്ലാവർക്കും മടങ്ങണം വീണ്ടും പാർട്ടഭിനയിക്കുന്നതിന് വേണ്ടി വരണം. ഇതെല്ലാം കുട്ടികൾ മനസ്സിലാക്കി. കുട്ടികൾ ദുഃഖിക്കുമ്പോൾ പറയാറുണ്ട് – അല്ലയോ ഭഗവാൻ, ഞങ്ങളെ അങ്ങയുടെ അടുത്തേക്ക് വിളിക്കൂ, ഞങ്ങളെ എന്തിനീ ദുഃഖത്തിൽ വിട്ടിട്ട് പോയി. ബാബ പരംധാമത്തിൽ വസിക്കുന്നയാളാണെന്നറിയാം അതുകൊണ്ടാണ് പറയുന്നത് ഭഗവാനേ ഞങ്ങളെക്കൂടി പരംധാമത്തിലേക്കു വിളിക്കണേ എന്ന്. സത്യയുഗത്തിൽ ഇങ്ങനെയൊന്നും പറയില്ല. അവിടെയാണെങ്കിൽ പരമസുഖമാണ്. ഇവിടെ അനേകം ദു:ഖമുണ്ട് അതുകൊണ്ട് വിളിക്കുന്നത് ഭഗവാനേ! ആത്മാവിന് ഭഗവാനെ ഓർമ്മ വരുന്നു. എന്നാൽ ഭഗവാനെ അൽപ്പം പോലും മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾക്കിപ്പോൾ ബാബയുടെ പരിചയം ലഭിച്ചു. പരംധാമത്തിൽ തന്നെയാണ് ബാബ വസിക്കുന്നത്. വീടിനെയാണ് ഓർമ്മിക്കുന്നത്. രാജധാനിയിലേക്ക് കൊണ്ടു പോകൂ എന്നൊരിക്കലും പറയുന്നില്ല. രാജധാനിക്കുവേണ്ടി വിളിക്കില്ല. ബാബയാണെങ്കിൽ രാജധാനിയിൽ വസിക്കുന്നുമില്ല. ബാബ ശാന്തിധാമത്തിൽ തന്നെയാണുള്ളത്. എല്ലാവരും ശാന്തിയാണ് യാചിക്കുന്നത്. പരംധാമത്തിൽ ഭഗവാന്റെ അടുക്കൽ തീർച്ചയായും ശാന്തിയുണ്ടാകും, അതിനെയാണ് മുക്തീധാമം എന്ന് വിളിക്കുന്നത്. മുക്തീധാമം ആത്മാക്കൾക്ക് വസിക്കുന്നതിനുള്ള സ്ഥാനമാണ്. അവിടെ നിന്നാണ് ആത്മാക്കൾ വരുന്നത്. സത്യയുഗത്തിനെ വീടെന്ന് വിളിക്കില്ല. സത്യയുഗം രാജധാനിയാണ്. നിങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ നിന്ന് വന്നവരാണ്. ഇവിടെ സന്മുഖത്ത് വന്നിരിക്കുന്നു. കുട്ടികളേ കുട്ടികളേ എന്ന് വിളിച്ചാണ് ബാബ സംസാരിക്കുന്നത്. അച്ഛനായി മാറി കുട്ടികളെ കുട്ടികളേ എന്ന് വിളിക്കുന്നു. ടീച്ചറായി സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തിന്റെ രഹസ്യം അഥവാ ഹിസ്റ്ററിയും ജ്യോഗ്രഫിയും മനസ്സിലാക്കി തരുന്നു. ഒരു ശാസ്ത്രത്തിലും ഇക്കാര്യങ്ങളില്ല. മൂലവതനമാണ് ആത്മാക്കളുടെ വീടെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. സൂക്ഷ്മവതനമാകട്ടെ ദിവ്യ ദൃഷ്ടി ഉപയോഗിച്ചു കാണേണ്ടതാണ് . സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം ഇതെല്ലാം ഇവിടെയാണുള്ളത്. നിങ്ങൾ പാർട്ടഭിനയിക്കുന്നതും ഇവിടെയാണ്. സൂക്ഷ്മവതനത്തിൽ ആരുടേയും പാർട്ടില്ല. സൂക്ഷ്മവതനത്തിൽ സാക്ഷാത്കാരമാണുള്ളത്. ഇന്നലെ ഇന്ന്, ഈ ശബ്ദങ്ങൾ നല്ല പോലെ ബുദ്ധിയിൽ ഉണ്ടായിരിക്കണം. ഇന്നലെ നമ്മൾ സത്യയുഗത്തിലായിരുന്നു, 84 ജന്മമെടുത്ത് ഇന്ന് നരകത്തിൽ എത്തി. നരകത്തിലിരുന്നാണ് ബാബയെ വിളിക്കുന്നത്. സത്യയുഗത്തിൽ അപാരസുഖമാണ്, അവിടെ ആരും ബാബയെ വിളിക്കുന്നതേയില്ല. നിങ്ങൾ ആത്മാവ് ശരീരത്തിനുള്ളിലാണ്. ബാബ പറയുന്നു ഞാൻ എല്ലാം അറിയുന്നവനാണ്– അർത്ഥം സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തെ അറിയുന്നു. എന്നാൽ ഇതെല്ലാം എങ്ങനെ കേൾപ്പിക്കും. ചിന്തിക്കേണ്ട കാര്യമാണിത്. അതുകൊണ്ട് എഴുതി വച്ചിരിക്കുന്നത് – ബാബ രഥം സ്വീകരിക്കുന്നുവെന്ന്. ബാബ പറയുന്നു എന്റെ ജന്മം നിങ്ങളെപ്പോലെയല്ല. ഞാൻ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു. രഥത്തിനെയും പരിചയപ്പെടുത്തുന്നു. ഈ ആത്മാവും നാമരൂപം ധാരണ ചെയ്ത് അവസാനം തമോപ്രധാനമായി. ഈ സമയത്ത് സർവ്വരും അനാഥരാണ്. കാരണം ബാബയെ അറിയുന്നില്ല. സർവ്വരും അനാഥ ബാലന്മാരും ബാലികമാരുമായിരിക്കുന്നു. അനാഥ ബാലൻ, ബാലിക എന്നാത്മാവിനെയാണ് പറയുന്നത്. ലൗകിക അച്ഛൻ ചോദിക്കുന്നപോലെ പരിധിയില്ലാത്ത അച്ഛനും ചോദിക്കുന്നു ബാലികാ ബാലന്മാരേ നിങ്ങൾക്കെന്തു പറ്റി? നാഥനായി ആരുമില്ലേ? നിങ്ങളെ സ്വർഗത്തിന്റെ അധികാരിയാക്കി മാറ്റിയ പരിധിയില്ലാത്ത ബാബയെ നിങ്ങൾ അരകൽപ്പമായി വിളിച്ചു കൊണ്ടിരിക്കുന്നു, ആ ബാബയെക്കുറിച്ചാണ് നിങ്ങൾ പറയുന്നത് കല്ലിലും മുള്ളിലും ഉണ്ടെന്ന്. സന്മുഖത്തിരുന്ന് ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു. നമ്മൾ ബാബയുടെ അടുക്കലാണ് വന്നിരിക്കുന്നതെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഈ ബാബ തന്നെയാണ് സർവ്വരേയും പഠിപ്പിക്കുന്നത്, നമ്മുടെ തോണിയെ അക്കരെയെത്തിക്കുന്നത്. കാരണം ഈ തോണി (ശരീരം) വളരെ പഴകിപ്പോയി. അതിനാലാണ് ഈ തോണിയെ അക്കരെയെത്തിച്ചിട്ട് ഞങ്ങൾക്ക് പുതിയ തോണി തരൂ എന്ന് പറയുന്നത്. പഴയ തോണി അപകടം പിടിച്ചതായിരിക്കും. വഴിയിൽ വച്ച് പൊളിഞ്ഞു പോയാൽ അപകടം സംഭവിക്കും. അതുകൊണ്ട് ഞങ്ങളുടെ തോണി പഴകിപ്പോയി ഞങ്ങൾക്ക് ഇപ്പോൾ പുതിയ തോണി തരൂ എന്ന് പറയുന്നു. ഇതിനെ വസ്ത്രം എന്നും പറയാം, തോണി എന്നും പറയാം. നമുക്ക് ലക്ഷ്മിനാരായണന്റേതു പോലെയുള്ള വസ്ത്രം(ശരീരം) വേണം ബാബാ എന്ന് കുട്ടികൾ പറയുന്നു. ബാബ ചോദിക്കുന്നു – അതിമധുരമായ കുട്ടികളേ നിങ്ങൾ സ്വർഗവാസിയാകാൻ ആഗ്രഹിക്കുന്നുണ്ടോ?

ഓരോ അയ്യായിരം വർഷം കൂടുമ്പോഴും നിങ്ങളുടെ ഈ വസ്ത്രം പഴയതാകും വീണ്ടും ഞാൻ വന്ന് പുതിയ വസ്ത്രം തരുന്നു. ആസുരീയ വസ്ത്രമാണിത്. ആത്മാവും ആസുരീയമാണ്. ദരിദ്രരായ മനുഷ്യർ പഴകിയ വസ്ത്രമാണ് ധരിക്കുന്നത്. ഇക്കാര്യങ്ങളൊക്കെ നിങ്ങൾക്കിപ്പോൾ അറിയാം. ഇവിടെ നമ്മൾ ആരുടെ മുന്നിലാണിരിക്കുന്നത് എന്ന ലഹരി കുട്ടികൾക്കുണ്ട്. സെന്ററിലിരിക്കുമ്പോൾ നിങ്ങൾക്ക് ഈ അനുഭവം ഉണ്ടാകില്ല. സന്മുഖത്തിരിക്കുമ്പോൾ ബാബ നേരിട്ട് പഠിപ്പിക്കുന്നു എന്ന സന്തോഷം ഉണ്ടാകും. സെന്ററിൽ ആരെങ്കിലും ക്ലാസ്സെടുക്കുമ്പോൾ ബുദ്ധിയോഗം അവിടെയും ഇവിടെയും ആയിരിക്കും. തിരക്കു പിടിച്ച ജോലിയാണ്, എവിടെ സമയം കിട്ടാനാണ്? എന്ന് പറയാറില്ലേ. ഞാൻ നിങ്ങൾക്ക് മനസ്സിലാക്കി തരികയാണ്. ബാബാ ഈ മുഖത്തിലൂടെ നമുക്ക് മനസ്സിലാക്കി തരികയാണെന്ന് നിങ്ങൾക്കറിയാം. ഈ മുഖത്തിനും എത്രയാണ് മഹിമ. ഗോമുഖത്തു നിന്നും അമൃതം കുടിക്കുവാൻ വേണ്ടി കഷ്ടപ്പാടുകൾ സഹിച്ച് എവിടെ നിന്നെല്ലാമാണ് ആളുകൾ വരുന്നത്. പോകാൻ വേണ്ടി എത്ര കഷ്ടപ്പെടുന്നു. ഈ ഗോമുഖം എന്താണെന്ന് മനുഷ്യർക്കറിയില്ല. ബുദ്ധിശാലികളായ എത്ര വലിയ മനുഷ്യരാണ് ഗോമുഖത്തു പോകുന്നത്. അതുകൊണ്ട് എന്ത് പ്രയോജനം? വെറുതെ സമയം പാഴാക്കി കളയുന്നു. ബാബ ചോദിക്കുന്നു ഈ സൂര്യാസ്തമയം എന്തിനാണ് കാണാൻ പോകുന്നത്? ഇതിലൊന്നും ഒരു പ്രയോജനവും ഇല്ല. പഠിക്കുന്നതിൽ തന്നെയാണ് പ്രയോജനമുള്ളത്. ഗീതയിലും പഠിപ്പല്ലേ ഉള്ളത്. ഹഠയോഗത്തിന്റെ ഒരു കാര്യവും ഗീതയിൽ പറഞ്ഞിട്ടില്ല. ഗീതയിൽ പറഞ്ഞിരിക്കുന്നത് രാജയോഗമാണ്. രാജ്യപദവി നേടുന്നതിന് വേണ്ടിയാണ് നിങ്ങൾ വരുന്നത്. ഈ ആസുരീയ ലോകത്തിൽ എത്രമാത്രം യുദ്ധവും വഴക്കുമാണെന്ന് നിങ്ങൾക്കറിയാം. ബാബ യോഗബലത്തിലൂടെ നമ്മളെ പാവനമാക്കി വിശ്വത്തിന്റെ അധികാരികളാക്കി മാറ്റുന്നു. ദേവിമാരുടെ കൈയിൽ ആയുധങ്ങൾ കാണിച്ചിരിക്കുന്നു. വാസ്തവത്തിൽ ഇവിടെ ആയുധങ്ങൾ ഉപയോഗിക്കേണ്ട ആവശ്യമേയില്ല. കാളിയെ എത്ര ഭയാനകമായാണ് കാണിച്ചിരിക്കുന്നത്. ഇതെല്ലാം അവരവരുടെ മനസ്സിന്റെ തോന്നലുകൾക്കനുസരിച്ച് തയ്യാറാക്കിയിരിക്കുകയാണ്. നാലും എട്ടും കൈകളുള്ള ദേവിമാരില്ല. ഇതൊക്കെ ഭക്തീമാർഗമാണ്. ബാബ മനസ്സിലാക്കിത്തരുന്നു – ഇതൊരു പരിധിയില്ലാത്ത നാടകമാണ്. ഇതിൽ ആരേയും കുറ്റപ്പെടുത്തുവാൻ കഴിയില്ല. അനാദിയായി തയ്യാറാക്കി വച്ചിരിക്കുന്ന നാടകമാണ്. ഇതിൽ മാറ്റം വരുത്തുവാൻ ആർക്കും സാധിക്കില്ല. ജ്ഞാനം എന്താണ്, ഭക്തി എന്താണ് ഇതെല്ലാം ബാബ മനസ്സിലാക്കി തരുന്നു. വീണ്ടും നിങ്ങൾക്ക് ഭക്തീമാർഗത്തിലൂടെ കടന്നുപോകേണ്ടിവരും. ഇതേപോലെ തന്നെ വീണ്ടും നിങ്ങൾ 84 ജന്മങ്ങൾ എടുത്ത് അധഃപതിക്കും. ഈ അനാദിയായി തയ്യാറാക്കി വച്ചിരിക്കുന്ന നാടകത്തിനെക്കുറിച്ച് ബാബ മനസ്സിലാക്കി തരുന്നു. ഈ ഡ്രാമയുടെ രഹസ്യം മനസ്സിലാക്കുന്നതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. അത്ഭുതം തന്നെയല്ലേ?! ഭക്തി എങ്ങനെയാണ് നടക്കുന്നത്, ജ്ഞാനം എങ്ങനെയാണ് നടക്കുന്നത്, ഈ നാടകം അനാദിയായി തയ്യാറാക്കി വച്ചിരിക്കുന്നു. ഇതിൽ ഒരൽപ്പം പോലും മാറ്റം വരുത്തുവാൻ ആർക്കും സാധിക്കില്ല. സന്ന്യാസിമാർ പറയുന്നത് ബ്രഹ്മത്തിൽ ലീനമാകും, ജ്യോതി ജ്യോതിയിൽ ലയിക്കും, സങ്കൽപ്പത്തിന്റെ ലോകമാണിത് എന്നൊക്കെയാണ്. ഓരോരുത്തർക്കും എന്തു തോന്നുന്നുവോ അതുപോലെ പറയും. ഇത് തയ്യാറാക്കി വച്ചിരിക്കുന്ന നാടകമാണ്. സിനിമ കാണാൻ വേണ്ടി മനുഷ്യർ പോകാറുണ്ട്. സിനിമയെ സങ്കൽപ്പത്തിന്റെ കളി എന്ന് പറയുമോ? ബാബ പറയുന്നു– കുട്ടികളേ, ഈ പരിധിയില്ലാത്ത നാടകം ഇതുപോലെ തന്നെ ആവർത്തിക്കും. ഈ ജ്ഞാനം തരുന്നത് ബാബ തന്നെയാണ് കാരണം ബാബ ജ്ഞാന സ്വരൂപനാണ്. മനുഷ്യസൃഷ്ടിയുടെ ബീജരൂപനാണ്, ചൈതന്യമാണ്, മുഴുവൻ ജ്ഞാനവും ബാബയിൽ തന്നെയാണുള്ളത്. മനുഷ്യർ ലക്ഷക്കണക്കിന് വർഷങ്ങളാണ് കാണിച്ചിരിക്കുന്നത്. ബാബ പറയുന്നു ഇത്രയും നീണ്ട കാലാവധിയൊന്നും ഇല്ല. ലക്ഷക്കണക്കിന് വർഷം നീണ്ട സിനിമയുടെ കഥയൊന്നും ആരുടേയും ബുദ്ധിയിലിരിക്കില്ല. നിങ്ങൾ നാടകത്തിനെക്കുറിച്ച് പൂർണ്ണമായും വർണ്ണിക്കുന്നവരാണ്. ലക്ഷക്കണക്കിന് വർഷങ്ങളുടെ കഥ എങ്ങനെ വർണ്ണിക്കും. ദു:ഖം അനുഭവിച്ചനുഭവിച്ച് ഇപ്പോൾ അന്തിമത്തിലെത്തിക്കഴിഞ്ഞു. ഇപ്പോൾ മുഴുവൻ വൃക്ഷവും ജീർണ്ണിച്ച അവസ്ഥയിലാണ്. ഇനി തിരിച്ചു പോകണം. സ്വയം തന്നെ ഭാരരഹിതമാക്കൂ. ഇദ്ദേഹവും സ്വയം ഭാരമിറക്കിയല്ലോ. അപ്പോൾ എല്ലാ ബന്ധനവും മുറിയും. ഇല്ലെങ്കിൽ കുട്ടികൾ, ധനം, ഫാക്ടറി, ഉപഭോക്താക്കൾ, രാജ്യം, കൊട്ടാരം ഇതെല്ലാം അവസാനം ഓർമ്മ വരും. ജോലിയേ ഉപേക്ഷിച്ചു കഴിഞ്ഞാൽ പിന്നെ എന്ത് ഓർമ്മ വരാനാണ്? സർവ്വതും ഇവിടെ മറക്കണം. ഇതെല്ലാം മറന്ന് തന്റെ വീടിനേയും രാജധാനിയേയും ഓർമ്മിക്കണം. ശാന്തീധാമത്തിനേയും സുഖധാമത്തിനേയും ഓർമ്മിക്കണം. ശാന്തീധാമത്തിൽ നിന്നും വീണ്ടും ഇങ്ങോട്ടു തന്നെ വരണം. ബാബ പറയുന്നു – എന്നെ ഓർമ്മിക്കൂ. ഇതിനെ തന്നെയാണ് യോഗാഗ്നി എന്ന് പറയുന്നത്. ഇത് രാജയോഗമാണ്. നിങ്ങൾ രാജഋഷികളാണ്. പവിത്രമായവരെയാണ് ഋഷികൾ എന്ന് പറയുന്നത്. നിങ്ങൾ രാജ്യപദവിക്കു വേണ്ടിയാണ് പവിത്രമാകുന്നത്. നിങ്ങൾക്ക് സർവ്വസത്യങ്ങളും പറഞ്ഞുതരുന്നത് ബാബയാണ്. നിങ്ങൾക്കറിയാം ഇതൊരു നാടകമാണ്. എല്ലാ അഭിനേതാക്കൾക്കും തീർച്ചയായും ഇവിടെ വരണം. ബാബ പിന്നീട് സർവ്വരേയും കൊണ്ടു പോകും. ഇത് ഈശ്വരന്റെ വിവാഹഘോഷയാത്രയാണ്.

പരംധാമത്തിലാണ് ബാബയും കുട്ടികളും  വസിക്കുന്നത്. പിന്നെ ഇവിടെ വരുന്നത് പാർട്ടഭിനയിക്കുവാനാണ്. ബാബ സദാ പരംധാമത്തിലാണ് വസിക്കുന്നത്. ദുഃഖം വരുമ്പോൾ മാത്രാണ് എന്നെ ഓർമ്മിക്കുന്നത്. അവിടെ പിന്നെ ഞാൻ എന്തു ചെയ്യുവാനാണ്? നിങ്ങളെ ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും അയച്ചുകഴിഞ്ഞാൽ പിന്നെ എന്തു വേണം! നിങ്ങൾ സുഖധാമത്തിൽ ആയിരുന്നപ്പോൾ ബാക്കിയെല്ലാവരും ശാന്തിധാമത്തിലായിരുന്നു. പിന്നെ നമ്പറനുസരിച്ച് താഴേക്ക് വരുന്നു. നാടകം പൂർത്തിയായി. ബാബ പറയുന്നു - കുട്ടികളേ, ഇനി തെറ്റു വരുത്തരുത്. തീർച്ചയായും പാവനമാകണം. ബാബ പറയുന്നു ഡ്രാമയനുസരിച്ച് അതേ പാർട്ടഭിനയിച്ചു കൊണ്ടിരിക്കുന്നു. ഡ്രാമയനുസരിച്ച് നിങ്ങൾക്ക് വേണ്ടി കൽപ്പ-കൽപ്പം ഞാൻ വരുന്നു. പുതിയ ലോകത്തിലേക്ക് ഇപ്പോൾ പോകേണ്ടേ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം -

1) ഈ വൃക്ഷം ഇപ്പോൾ പഴകി ജീർണ്ണിച്ച അവസ്ഥയിൽ എത്തി, ആത്മാവിന് വീട്ടിലേക്ക് മടങ്ങണം അതുകൊണ്ട് എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തമായി സ്വയം ഭാരരഹിതമാകണം. ബുദ്ധിയിൽ നിന്നും ഇവിടുത്തെ സർവ്വ കാര്യങ്ങളും കളയണം.

2) അനാദിയായ നാടകത്തിനെ ബുദ്ധിയിൽ വച്ചുകൊണ്ട് ഒരു പാർട്ട്ധാരിയേയും നിന്ദിക്കാതിരിക്കണം. ഡ്രാമയുടെ രഹസ്യം മനസ്സിലാക്കി വിശ്വത്തിന്റെ അധികാരിയാകണം.

## വരദാനം - ശാന്തിയുടെ ശക്തിയിലൂടെ ആത്മ ശക്തിയുടെ വിമാനത്തെ തീവ്ര ഗതിയിൽ പറത്തുന്ന വിശ്വ പരിവർത്തകരായി ഭവിയ്ക്കട്ടെ.

സയൻസിന്റെ സാധനങ്ങളുടെ ഗതിയെ സയൻസിലൂടെ തന്നെ അതിന്റെ വേഗത കുറയ്ക്കാനും കൂട്ടാനും സാധിക്കുന്നു. എന്നാൽ ആത്മാവിന്റെ ഗതി ഇതുവരെ ആർക്കും കണ്ടെത്താൻ സാധിച്ചിട്ടില്ല. സാധിക്കുകയുമില്ല. ഈ കാര്യത്തിൽ ശാസ്ത്രം തോൽവി അംഗീകരിച്ചിട്ടുണ്ട്. എവിടെയാണോ സയൻസ് തോറ്റു പോയത് അവിടെ സയലൻസിന്റെ ശക്തിയിലൂടെ എന്ത് ആഗ്രഹിക്കുന്നുവോ ചെയ്യാൻ സാധിക്കുന്നു. അതിനാൽ ആത്മ ശക്തിയുടെ വിമാനത്തെ തീവ്രഗതിയിൽ പറത്തൂ. ഈ ശക്തിയിലൂടെ സ്വ പരിവർത്തനം, മറ്റുള്ളവരുടെ വൃത്തിയുടെ പരിവർത്തനം, വായുമണ്ഡലത്തെ പരിവർത്തനപ്പെടുത്തി, വിശ്വ പരിവർത്തകരാകുവാൻ സാധിക്കുന്നു. തീവ്രതയുടെ അടയാളമാണ് ചിന്തിച്ചു അതുപോലെ സംഭവിച്ചു.

## സ്ലോഗൻ - ശിക്ഷാ ദാതാവിനൊപ്പം ദയാമനസ്കരായി സഹയോഗിയുമാകൂ.